/5521124/2022

പതിനഞ്ചാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 11*

05.12.2022 ൽ മറുപടിയ്ക്ക്

## പഞ്ചായത്തടിസ്ഥാനത്തിൽ തൊഴിൽബാങ്ക്

| ചോദ്യം<br>ശ്രീ പ്രമോദ് നാരായൺ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. ജോബ് മൈക്കിൾ<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | മറുപടി<br>എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പഞ്ചായത്തടിസ്ഥാനത്തിൽ തൊഴിൽ ബാങ്ക് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) & (ബി) | 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 166(3) പ്രകാരം മാൻപവർ ബാങ്കുകൾ രൂപീകരിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അധികാരം നൽകിയിട്ടുണ്ട്. കെ-ഡിസ്ക് കുടുംബശ്രീയുമായി ചേർന്ന് 'എന്റെ തൊഴിൽ എന്റെ അഭിമാനം' പദ്ധതിയുടെ ഭാഗമായി നടത്തിയ സർവ്വേയിൽ കണ്ടെത്തിയ തൊഴിലന്വേഷകരിൽ നിന്നും 23 വയസ്സിനും 40 വയസ്സിനും ഇടയിലുള്ള 29 ലക്ഷത്തോളം പേരെ ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെൻറ് സിസ്റ്റത്തിലേക്ക് (D.W.M.S) രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ സൃഷ്ടിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് വിവരശേഖരണത്തിനും വിവരങ്ങൾ ക്രോഡീകരിക്കുന്നതിനുമായി ജാലകം എന്ന പേരിൽ ഒരു പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. ടി പോർട്ടലിൽ നിന്നു തന്നെ തൊഴിൽ വൈദഗ്ദ്ധ്യമുള്ളവരുടെ ഡാറ്റാ ബേസ് പഞ്ചായത്ത് തലത്തിൽ ശേഖരിച്ച് ആവശ്യമുള്ളവർക്ക് തൊഴിലാളികളെ ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എന്റർപ്രണർഷിപ്പ് ആന്റ് എംപ്ലോയ്മെന്റ് ഇൻഫർമേഷൻ സെന്ററും പഞ്ചായത്ത് തല |
| (ബി) | വിവിധ മേഖലകളിൽ തൊഴിൽ വൈദഗ്ദ്ധ്യമുള്ളവരുടെ ഡാറ്റാബേസ് പഞ്ചായത്ത് തലത്തിൽ ശേഖരിച്ച് ആവശ്യമുള്ളവർക്ക് തൊഴിലാളികളെ ലഭ്യമാക്കുന്നതിനായി ഒരു നോഡൽ ഏജൻസി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| | | | ഹെല്പ്ഡെസ്കുകളും സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. തദ്ദേശ സ്ഥാപന തലത്തിൽ തൊഴിൽ കൂട്ടായ്മകളെ ഏകോപിപ്പിക്കുന്നതിന് യുവജന ക്ഷേമ ബോർഡിന്റെ കോഓർഡിനേറ്റർക്ക് ചുമതലകളും നൽകിയിട്ടുണ്ട്. |
| (സി) | ഇതിനായി തൊഴിലാളികൾക്കും ഉപഭോക്താക്കൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തുകയും ഇതിലൂടെ നൽകുന്ന സേവനങ്ങൾക്ക് ഒരു നിശ്ചിത ഫീസ് ഈടാക്കി അതത് തദ്ദേശ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | തൊഴിലവസരങ്ങളേയും മാനവ വിഭവശേഷിയേയും ബന്ധിപ്പിക്കുന്നതിനായി സംരംഭക മാതൃകയിൽ ബ്ലോക്ക് - നഗരസഭാ തലങ്ങളിൽ എംപ്ലോയബിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനും ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ, പ്രാദേശികമായി ലഭ്യമാകുന്ന അവസരങ്ങൾ (ഉദാ: ഇലക്ട്രിക്കൽ, പ്ലംബിംഗ്, കാർഷികതൊഴിലുകൾ തുടങ്ങിയവ), അതത് തദ്ദേശ സ്ഥാപനങ്ങളിൽ തൊഴിലധിഷ്ഠിത നൈപുണ്യം നേടി ജോലിയിൽ പ്രവേശിച്ചവരുടെ സ്ഥിരമായ ഇടവേളകളിലുള്ള അവസ്ഥാ പരിശോധന (Tracking) , തൊഴിലധിഷ്ഠിത നൈപുണ്യം നേടിയവരുടെ ഡേറ്റാ ബാങ്ക് സൂക്ഷിക്കൽ തുടങ്ങിയവ എംപ്ലോയബിലിറ്റി സെന്റർ മുഖേന നടപ്പിൽ വരുത്തുന്നതിനുമുള്ള നടപടികൾ നടന്നു വരുന്നുണ്ട്. നിലവിൽ, തൊഴിൽ കൂട്ടായ്മകളിലെ അംഗങ്ങൾക്കും ഉപഭോക്താക്കൾക്കും രജിസ്ട്രേഷനും ഫീസും ഏർപ്പെടുത്തിയിട്ടില്ല. |

Signed by Sureshkumar K
Date: 03-12-2022 17:56:42
സെക്ഷൻ ഓഫീസർ